# ക്രിസ്തു ന്യായപ്രമാണത്തിന്റെ പൂർത്തീകരണം

## റോമർ 10:4

"വിശ്വസിക്കുന്ന ഏവനും നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തു ന്യായപ്രമാണത്തിന്റെ പൂർത്തീകരണം ആകുന്നു."

ക്രിസ്തു ന്യായപ്രമാണത്തിന്റെ പൂർത്തീകരണവും അവസാനവും ആകുന്നു. അവനിലൂടെയാണ് ദൈവത്തിന്റെ നിത്യമായ നീതിയുടെയും, കൃപയുടെയും വാതിൽ മനുഷ്യരാശിക്ക് തുറന്നുകിട്ടിയത്. ആ വാതിലാണ് നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തു. ബലഹീനരായ മനുഷ്യകുലത്തിനു ന്യായപ്രമാണം പാലിച്ചുകൊണ്ട് ദൈവത്തിന്റെ നീതിക്കും, വിശുദ്ധിക്കുമനുസരിച്ച് ജീവിതം മുന്നോട്ട് കൊണ്ടുപോകുക ദുഷ്കരമായിരുന്ന അവസ്ഥ വന്നപ്പോൾ പിതാവാം ദൈവത്തിനു നമ്മോട് തോന്നിയ മഹാകരുണയുടെ ഫലമാണ് അവൻ തന്റെ ഏകജാതനെ ഈ ലോകത്തിലേക്കയച്ച് നമ്മെ വീണ്ടെടുത്തത്.

റോമർ 8:2-4 ൽ ഇപ്രകാരം പറയുന്നു "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുവേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. ജഡത്താലുള്ള ബലഹീനതനിമിത്തം ന്യായപ്രമാണത്തിന്നു കഴിയാത്തതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന്നു തന്നേ."

ജഡത്തെ അനുസരിച്ചു നടന്നിരുന്ന മനുഷ്യകുലത്തിന്നു ന്യായപ്രമാണ പാലനത്തിലൂടെ ദൈവവിശുദ്ധിക്കനുസരിച്ചു ജീവിതം കാഴ്ച വെയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ വിശുദ്ധജീവിതം നയിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങളെ അതിന്റെ പൂർണ്ണതയിൽ പാലിക്കുവാൻ തക്ക വിധത്തിൽ മനുഷ്യരെ നയിക്കുവാൻ ന്യായപ്രമാണത്തിനായില്ല. പാപം ചെയ്യുകവഴി ബലഹീനരായിപ്പോയ മനുഷ്യർക്ക് ന്യായപ്രമാണത്തെ അതിന്റെ പൂർണ്ണതയിൽ അനുസരിക്കുക അത്ര എളുപ്പമായിരുന്നില്ല. അവിടെയാണ് ദൈവം നമ്മോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തിയത്. പാപിയായ മനുഷ്യന്റെ പാപത്തെയും പാപജീവിതത്തെയും തകർത്ത്, ദൈവവിശുദ്ധിക്ക് വേണ്ടുന്ന തരത്തിലുള്ള ഒരു ജീവിതത്തിലേക്ക് മനുഷ്യകുലത്തെ നയിക്കുവാൻ അവൻ ഈ ഭൂവിൽ അവതരിച്ചു.

അവൻ ഈ ലോകത്തിലേക്ക് വന്നതോ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും ആയിരുന്നു. എന്നാൽ അവൻ വാസ്തവത്തിൽ പാപം ചെയ്യുകയോ, പാപത്തെ അറിയുകയോ, അവനിൽ പാപം ഉണ്ടാകുകയോ ചെയ്തിട്ടില്ല. അവൻ ജഡസാദൃശ്യത്തിൽ അവതരിച്ചു എന്നേ ഉള്ളൂ പക്ഷെ ആത്മാവിനെ അനുസരിച്ചായിരുന്നു അവന്റെ ജീവിതം. അവൻ നമുക്ക് വേണ്ടി നമ്മുടെ പാപങ്ങളെ വഹിച്ച് ക്രൂശിൽ മരിച്ചപ്പോൾ, അവൻ പാപമില്ലാത്ത, നിഷ്കളങ്കനായ, ദൈവത്തിന്റെ അറുക്കപ്പെട്ട കുഞ്ഞാടായി മാറി. ഇതു സാധിച്ചത് ജഡത്തിലായിരുന്നെങ്കിലും ക്രിസ്തു ദൈവത്തിന്റെ ആത്മാവിന്റെ പൂർണ്ണതയിൽ ആത്മാവിനെ മാത്രം അനുസരിച്ചു ജീവിച്ചു. അവിടെയാണ് ഒരു മനുഷ്യജീവിതം എപ്രകാരമാണ് ദൈവ വിശുദ്ധിയിലേക്ക് നയിക്കപ്പെടുന്നത് എന്ന് അവൻ നമുക്ക് കാണിച്ചുതന്നത്.

ഇന്ന് ജഡത്താലും അതിന്റെ ഇഷ്ടത്താലുമല്ല, മറിച്ച് ആത്മാവിന്റെ ഇച്ഛക്കനുസരിച്ച് ജീവിതം മുന്നോട്ട് നയിക്കുന്നവർക്ക് ദൈവനീതിക്കനുസരിച്ച് വിശുദ്ധജീവിതം നയിക്കുന്നതിനുവേണ്ടുന്ന മാനദണ്ഡങ്ങളെ കർത്താവ് പൂർത്തീകരിച്ചിരിക്കുന്നു. ആയതിനാൽ ഇന്നു നാം വാസ്തവത്തിൽ അവന്റെ നിർദ്ദോഷമായ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുടെ ഗണത്തിൽ നമ്മെ തന്നേ എണ്ണുന്നുവെങ്കിൽ അവനു വേണ്ടി വിശുദ്ധജീവിതം നയിക്കാൻ നമ്മെ തന്നെ പൂർണ്ണമായി ആത്മാവിനു സമർപ്പിച്ചു കൊടുക്കാം. ആത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നുകൊണ്ട് നമ്മുടെ ദൈവം നമ്മോട് കാണിച്ച സ്നേഹത്തിനു പകരമായി അവനെ നമുക്ക് സ്നേഹിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**1 പത്രോസ് 2:21–22**

ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല.

ബ്രദർ ബിനു ബേബി ആലപ്പുഴ 052